സാമൂഹ്യ ജലസേചന പദ്ധതി

* 34 [34] ശ്രീ. എ. പത്മനാഭൻ :

,, സിറിയക് ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതി എന്നു മുതൽക്കാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇക്കൊല്ലം എത്ര പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈയിനത്തിൽ മൊത്തം എന്തു ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) എത്ര അപേക്ഷകൾ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട് ;

(എഫ്) ഓരോ പദ്ധതിയുടേയും പ്രയോജനക്ഷമതയും സാങ്കേതിക വശങ്ങളുമൊക്കെ പരിശോധിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം നൽകുന്നതും ആരാണ് ;

(ജി) മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എത്ര രൂപയുടെ പദ്ധതിക്ക് അനുമതി നൽകാൻ അധികാരമുണ്ട് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1986–87

(ബി) ഒരു പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(സി) നിർമ്മാണം പൂർത്തിയാകുമ്പോൾ 10 കോടി രൂപയോളം ചിലവാകുന്നതാണ്.

(ഡി) കർഷകരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള ജില്ലാതല കമ്മറ്റി പരിശോധിക്കുന്നതും ജില്ലാതല കമ്മിറ്റികളിൽവച്ച് ഓരോന്നിന്റെയും പ്രായോഗികത നിർണ്ണയിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റ് വിവിധ യൂണിറ്റുകൾ തിരഞ്ഞെടുക്കുന്നതുമാണ്. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. അപേക്ഷ സ്വീകരിക്കൽ
2. ഇൻവെസ്റ്റിഗേഷനും യൂണിറ്റുകൾ തെരഞ്ഞെടുക്കലും.
3. ഗുണഭോക്താക്കളായ കർഷകരുടെ സംഘടനാ രജിസ്ട്രേഷൻ
4. നിർവ്വഹണം
5. നിർവ്വഹണാനന്തര നടപടികൾ

(ഇ) 5000 ത്തിൽപരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(എഫ്) പദ്ധതിയുടെ പ്രയോജനക്ഷമതയും സാങ്കേതിക വശങ്ങളും പരിശോധിക്കുന്നത് ഭൂഗർഭ ജലവകുപ്പിന്റെയും മൈനർ ഇറിഗേഷൻ വകുപ്പിലേയും ഉദ്യോഗസ്ഥൻമാരടങ്ങുന്ന ജില്ലാതല കമ്മിറ്റിയാണ്. ഈ കമ്മിറ്റി തിരഞ്ഞെടുക്കുന്ന പദ്ധതികൾ, കർഷക പ്രതിനിധികളുമായി വിശദമായി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചക്കുശേഷം അന്തിമമായി തിരഞ്ഞെടുക്കപ്പെടുന്നതും നടപ്പാക്കപ്പെടുന്നതുമാണ്.

(ജി) രണ്ടു ലക്ഷംവരെയുള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകാൻ അധികാരമുണ്ട്.

ഭൂഗർഭജലം ഉപയോഗിച്ചുള്ള ജലസേചനം

* 35 [35] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലം ഉപയോഗിച്ച് ജലസേചനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത് കേന്ദ്ര സർക്കാർ ആയിരുന്നുവോ ;

(ബി) ആണെങ്കിൽ ആയതിലേക്ക് 1986-87 -ൽ കേന്ദ്രം നൽകുന്ന തുക എത്ര ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസി ഏതാണെന്ന് വെളിപ്പെടുത്താമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) അല്ല. സംസ്ഥാന ഗവൺമെൻറാണ്. എന്നാൽ കേന്ദ്ര ഗവൺമെൻറ് ഭൂഗർഭജലം ഉപയോഗിച്ച് ജലസേചന പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1986-87 -ൽ കേന്ദ്ര സഹായം എത്ര കിട്ടുമെന്ന് വ്യക്തമായിട്ടില്ല.

(സി) കേരള സർക്കാരിൻറെ ഭൂഗർഭ ജലവകുപ്പും. മൈനർ ഇറിഗേഷൻ വകുപ്പും.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വഖഫ് ബോർഡിനു ലഭിച്ച സഹായധനം

116 [136] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിൽനിന്നും വഖഫ് ബോർഡിന് ലഭിച്ച സഹായധനം എത്ര ;

(ബി) ലഭിച്ച സഹായധനം ചെലവാക്കിയതിൻറെ വിശദമായ കണക്ക് സർക്കാരിന് നൽകിയിട്ടുണ്ടോ ;

(സി) ബോർഡിൻറെ ധനവിനിയോഗം ഓഡിറ്റർമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കാറുണ്ടോ ?

ഉത്തരം

(എ) 1982-83, 1983-84 — സഹായധനം നൽകിയിട്ടില്ല.
1984-85 .. 15 ലക്ഷം രൂപ
1985-86 .. 15 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly